# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2317 08.05.2017 -ൽ മറുപടിക്ക്**

**കാസർഗോഡ്, കോട്ടിക്കുളം റെയിൽവേ ഓവർബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിൽ കോട്ടിക്കുളം റെയിൽവേ സ്റ്റേഷന് സമീപം റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | പദ്ധതിയുടെ ഡി.പി.ആർ, കിഫ്ബിയുടെ പരിഗണനയിലാണ്. |
| (ബി) | ഇതിന് 2016-17 വർഷത്തെ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിരുന്നുവോ; ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | 2016-2017 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 27.09.2016 തീയതിയിലെ സ.ഉ (സാധാ) നം. 1324/ 2016/പൊ.മ.വ പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ബന്ധപ്പെട്ടവർ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | നിർമ്മാണത്തിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്. പി.വി) ആയി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെയാണ് നിയമിച്ചിരിക്കുന്നത്. ആർ.ബി.ഡി.സി.കെ, പദ്ധതിയുടെ ഡി.പി. ആർ തയ്യാറാക്കി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പുതുക്കിയ ഡി.പി.ആർ പ്രകാരം 23.97 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയൂ. |

S. Bindu

**സെക്ഷൻ ഓഫീസർ**